പതിനാലാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 585 — 29-5-2019 ൽ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | വ്യവസായ വകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളത്; അവയിൽ എത്ര സ്ഥാപനങ്ങൾ നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്നും അവ ഏതൊക്കെ എന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ സഹകരണ മേഖലയിലുള്ളവ ഉൾപ്പെടെ 45 സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനായ കിൻഫ്രയും സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ടെക്സ്റ്റൈൽ മില്ലുകളുടെ അപ്പെക്സ് സ്ഥാപനമായ ടെക്സ്ഫെഡ്, കെ.എസ്.ഐ.ഡി.സി എന്നിവയൊഴികെയുള്ള 42 സ്ഥാപനങ്ങളെ മാസം തോറുമുള്ള പ്രവർത്തന അവലോകനത്തിന് വിധേയമാക്കിവരുന്നു.<br><br>2018-19 സാമ്പത്തിക വർഷാവസാനം അവലോകനത്തിനായി പരിഗണിച്ച പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം അനുബന്ധത്തിൽ സൂചിപ്പിച്ചിരിക്കുന്ന 12 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തി പ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉന്നമനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാസ്ഥാപനങ്ങ ളുടെ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, |

വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. ഇതിനുവേണ്ടി ഓരോ വർഷവും കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തി നൽകിവരുന്നുണ്ട്.

2017-18ലും 2018-19ലും ഭരണാനുമതി ലഭിച്ച വിവിധ പദ്ധതികളുടെ പൂർത്തീകരണത്തിനും പുതിയ പദ്ധതികൾക്കുമായി 2019-20 ബഡ്ജറ്റിൽ 299.35 കോടിരൂപയാണ് വകയിരുത്തിയിരിക്കുന്നത്. കമ്പനിയുടെ അടിസ്ഥാന പ്രവർത്തന മേഖലയെ ശക്തിപ്പെടുത്തുന്നതിനാണ് പ്രാമുഖ്യം നൽകി വരുന്നത്.

കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകളുടെ സ്ഥായിയായ പ്രവർത്തനത്തിനും സമഗ്ര പുനരുദ്ധാരണത്തിനും വേണ്ടി പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന ഓരോ മില്ലുകളുടെയും പ്രവർത്തനം വിശദമായി വിലയിരുത്തി വികസന/ പുനരുദ്ധാരണ /ആധുനികവത്കരണ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ സഹായത്തോടെ ഈ മില്ലുകൾ എല്ലാം തന്നെ ഗുണമേന്മയുള്ളതും കമ്പോളത്തിനാവശ്യമായ നൂലുകൾ ഉത്പാദിപ്പിക്കുന്ന തരത്തിലേക്ക് സജ്ജമാക്കുന്നതിനും, തൊഴിലാളികൾ ഉൾപ്പെടെ ഈ മേഖലയെ ആശ്രയിക്കുന്ന എല്ലാവർക്കും അതിൻെറ ഗുണമേന്മ ലഭ്യമാക്കുന്നതിനും സാധിക്കും.

ആഡിറ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഇൻേറണൽ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര വികസനത്തോടൊപ്പം തന്നെ മാനേജിംഗ് ഡയറക്ടർമാർക്കും ജീവനക്കാരുടേയും കഴിവുകൾ വികസിപ്പിക്കുന്നതിനും അവരെ കൂടുതൽ പ്രാപ്തരാക്കുന്നതിനും വേണ്ടി വിവിധ തലത്തിലുള്ള പരിശീലനപരിപാടികളും നടത്തി വരുന്നു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര വ്യവസായ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ സ്വീകരിച്ചുവരുന്നു.

പുതിയ സംരംഭങ്ങളായി ഇൻഡസ്ട്രിയൽ ഇ-മൊബിലിറ്റി പാർക്കും ആധുനിക റൈസ് മില്ലുകളും സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

| ക്രമ നം | സ്ഥാപനങ്ങൾ |
|---|---|
| 1 | ദി കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് |
| 2 | ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| 3 | ട്രാവൻകൂർ റ്റൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ് |
| 4 | ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് |
| 5 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 6 | കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സ് ലിമിറ്റഡ് |
| 7 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് |
| 8 | കേരള സ്റ്റേറ്റ് ഇൻറസ്ട്രിയൽ എൻറർപ്രൈസസ്സ് ലിമിറ്റഡ് |
| 9 | കേരള ആർട്ടിസാൻസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 10 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 11 | സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് |
| 12 | ഫോറസ്റ്റ് ഇൻഡസ്ട്രിസ് (ട്രാവൻകൂർ) ലിമിറ്റഡ് |

സെക്ഷൻ ഓഫീസർ